**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5178** **26.03.2018-ൽ മറുപടിക്ക്**

## കേണൽ നിരഞ്ജൻ സ്മാരക റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉണ്ണി** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിരുന്ന ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽപ്പെടുന്ന എടായിക്കൽ-കുട്ടിലക്കടവ് കേണൽ നിരഞ്ജൻ സ്മാരക റോഡ് നിർമ്മാണത്തിന്റെ ഭരണാനുമതിയ്ക്കുള്ള ഫയൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട എടായിക്കൽ - കുട്ടിലക്കടവ് റോഡ്, കരിയോട് എലുമ്പലശ്ശേരി റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്കുള്ള 1220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 04.12.2017-ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) എത്ര തുകയ്ക്കുള്ള എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സർക്കാരിന് ലഭിച്ചിരിക്കുന്നത്; | |
| (സി) ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും പ്രസ്തുത പ്രവൃത്തിക്ക് 21.03.2018-ലെ സ.ഉ (സാധാ) നം. 493/2018/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് എന്ന് ഭരണാനുമതി നൽകും എന്ന് അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ